# വ്യവസായമേഖലയ്ക്കു നല്കുന്ന ആനുകൂല്യങ്ങൾ കാർഷിക മേഖലയ്ക്കും നല്കണം

മൂന്നാം ലോക രാഷ്ട്രങ്ങളുടെ 7000 ദശലക്ഷം ഡോളർ കടം എഴുതിത്തള്ളാൻ ജി-എട്ട് രാഷ്ട്രങ്ങൾ തീരുമാനിച്ച സാഹചര്യത്തിൽ ഇതിന്റെ ഗുണം സാമ്പത്തിക തകർച്ച നേരിടുന്ന ഇന്ത്യൻ കർഷകർക്കും ലഭ്യമാക്കണമെന്ന് ഫാമേഴ്സ് റിലീഫ് ഫോറം സംസ്ഥാന ചെയർമാൻ ശ്രീ. എ. സി. വർക്കി പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

കോടിക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങൾ വ്യവസായ മേഖലക്കും ഫിലിം കോർപ്പറേഷനും കേന്ദ്ര സർക്കാർ അനുവദിക്കുമ്പോൾ കാർഷികമേഖലക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അതേസമയം സംസ്ഥാനത്തുടനീളം വായ്പകൾ തിരിച്ചടക്കാനാകാതെ കർഷകർ ജപ്തി നടപടികൾ നേരിട്ടുകൊണ്ടിരിക്കുന്നു.

...നങ്ങൾ സംശയിക്കേണ്ടിയിരിക്കുന്നു.

സിംഗപ്പൂരിലെ ടോംഗ്ടിൽ കമ്പനി കേരളത്തിലെ കർഷകരിൽ നിന്നും റബർ വാങ്ങാൻ തയ്യാറായിട്ടും സർക്കാരിന്റെ അനാസ്ഥയും മെല്ലെപ്പോക്കും കാരണം ആ ഓർഡർ റദ്ദാക്കപ്പെടുകയുണ്ടായി.

**കാടു വെട്ടിത്തെളിക്കപ്പെടുന്നതോടെ കൂട്ടത്തോടെയാണ് കാട്ടാനകൾ കൃഷിയിടങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിക്കുന്നത്.** ഗ്രാസിമിനെ നിലനിർത്താൻ വയനാടൻ കാടുകൾ കൊള്ളയടിക്കുന്നതും മാവൂർ ജനങ്ങളെ കാൻസർ രോഗികളാക്കുന്നതും ഒരു വിധത്തിലും നീതികരിക്കാനവാത്തതാണ്.

**പി. ആർ. കൃഷ്ണൻകുട്ടി,**
**തൃക്കൈപ്പറ്റ.**